**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1014** **10-08-2023 - ൽ മറുപടിയ്ക്ക്**

**വനം വകുപ്പിലെ തൊണ്ടി മോക്ഷണ കേസ്സിൻെറ അന്വേഷണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം വനം ഡിവിഷനിലെ പരുത്തിപ്പള്ളി റെയിഞ്ചിൽ വർഷം 2000 മുതൽ വനം വകുപ്പ് രജിസ്റ്റർ ചെയ്ത കേസുകളിലെ തൊണ്ടി മുതലിന്റെ മോഷണവുമായി ബന്ധപ്പെട്ട അന്വേഷണം 22 വർഷം കഴിഞ്ഞിട്ടും പൂർത്തിയാക്കാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | തൊണ്ടി മുതൽ മോഷണവുമായി ബന്ധപ്പെട്ട അന്വേഷണം 22 വർഷം കഴിഞ്ഞിട്ടും പൂർത്തിയാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പരുത്തിപ്പള്ളി റെയിഞ്ചിൽ വിവിധ കാലയളവിൽ രജിസ്റ്റർ ചെയ്ത വിവിധ വനം കേസുകളിലെ ചില തൊണ്ടി വകകൾ നഷ്ടപ്പെട്ടിട്ടുള്ളതായി 10.06.2010-ന് റെയിഞ്ച് ഫോറസ്റ്റ് ആഫീസർ കണ്ടെത്തി റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് വിഭാഗം അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ടിൽ കൂടുതൽ വ്യക്തത വരുത്തേണ്ടതുള്ളതിനാലും കൂടുതൽ തൊണ്ടി വകകൾ നഷ്ടമായിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനും വേണ്ടി ഒരു പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് അന്വേഷണം തുടർന്ന് വരുന്നു. |
| (ബി) | തൊണ്ടി മോഷണ കേസ് അന്വേഷണത്തിന് രൂപീകരിച്ച പ്രത്യേക അന്വേഷണ സംഘത്തിന്റെ പരിധിയിൽ ഉൾപെടുത്തിയിട്ടുള്ള വിഷയങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ; | (ബി) | പരുത്തിപ്പള്ളി റെയിഞ്ചിലെ വിവിധ ഒ.ആർ കേസുകളിൽ ഉൾപ്പെട്ട വിലപിടിപ്പുള്ള തൊണ്ടിവകകൾ നഷ്ടപ്പെട്ടത് സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനാണ് പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചിട്ടുള്ളത്. |
| (സി) | പ്രത്യേക അന്വേഷണ സംഘത്തിന്റെ അന്വേഷണം തൃപ്തികരമാണോയെന്നും എങ്കിൽ നാളിതുവരെയുള്ള അന്വേഷണ പുരോഗതിയും വിശദീകരിക്കാമോ; | (സി) | അന്വേഷണം തൃപ്തികരമാണ് . അന്വേഷണം പുരോഗമിച്ചു വരികയാണെന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വിജിലൻസ് )റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) | അന്വേഷണത്തിന് മേൽനോട്ടം വാഹിക്കുന്നവർ റിപ്പോർട്ട് സമർപ്പിക്കുന്നതിൽ മനഃപൂർവം കാലതാമസം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും അന്വേഷണം പൂർത്തിയാക്കുന്നതിന് നൽകിയ സമയം എത്രയാണെന്നും അറിയിക്കാമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അന്വേഷണം പൂർത്തിയാക്കുന്നതിന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വിജിലൻസ് & ഫോറസ്ററ് ഇന്റലിജൻസ്) ന് 26-08-2023 വരെ സമയപരിധി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ